# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 740 28.09.2011-ൽ മറുപടിയ്ക്ക്

## മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ആയത് എന്ന് പ്രവർത്തനം ആരംഭിച്ചതാണെന്നും തുക ഉൾപ്പെടെ വ്യക്തമാക്കുമോ; | (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം വഴി നടപ്പിലാക്കി വരുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>(i) പരവൂർ മുനിസിപ്പാലിറ്റിയിലെ പൊഴിക്കര പനമൂട് ക്ഷേത്രം മുതൽ ചില്ലിക്കൽ വരെയുള്ള ഓടയുടെ നിർമ്മാണം<br>- അടങ്കൽ തുക - 9,49,074/- രൂപ<br>- കാലാവധി - 6 മാസം (എഗ്രിമെന്റ് വച്ചു)<br>(ii) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ കെ.എസ്.ആർ.ടി.സി.ബസ്സ്റ്റാന്റിനടുത്തുള്ള പാലം മുതൽ ചാത്തന്നൂർ തോടിന്റെ ആഴം കൂട്ടലും വശങ്ങളുടെ സംരക്ഷണവും<br>- അടങ്കൽ തുക - 13,74,814/- രൂപ<br>-കാലാവധി- 6 മാസം<br>-എഗ്രിമെന്റ് വച്ച് സൈറ്റ് കൈമാറ്റം ചെയ്തു.<br>(iii) കല്ലുവാതുക്കൽ നീരോന്തി ഏലായുടെ അഭിവൃദ്ധിപ്പെടുത്തൽ.<br>- അടങ്കൽ തുക- 7,94,400/- രൂപ<br>-കാലാവധി- 6 മാസം<br>പണിപൂർത്തിയാക്കി |

(ബി) 2011-12 വർഷത്തിൽ പുതുതായി ഏതൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുളളതെന്ന് അറിയിക്കുമോ;

(ബി) 2011-12 വർഷത്തിൽ പുതുതായി ഏറ്റെടുക്കാൻ , ലക്ഷ്യമിട്ടിട്ടുളള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(i) ചിറക്കര ഗ്രാമപഞ്ചായത്തിലെ ചിറക്കര ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ

(ii) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മേവനക്കോണം ഏലായുടെ ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ

(iii) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ഏഴിപ്പുറം വാർഡിലെ ഏഴിപ്പുറം ഏലായുടെ ജലസേചനസൗകര്യം വർദ്ധിപ്പിക്കൽ

(iv) ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കൈതക്കുഴി ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ

(v) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ കുളമുടി ഏലായിൽ മീനാട് വരെ ( കിഴക്കുംകര ചന്തമുക്കു മുതൽ) തോടിന്റെയും ട്രാക്ടർ റോഡിന്റെയും പുനരുദ്ധാരണം

(സി) നടപ്പിലാക്കി വരുന്ന പ്രവർത്തന ങ്ങളിൽ കാലതാമസം ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്ന തിലേക്ക് നടപടി സ്വീകരിക്കുമോ?

(സി) കാലാവസ്ഥയിൽ അടിക്കടിയുണ്ടാകുന്ന മാറ്റത്തിന്റെ ഫലമായി തോടിൽ വെളളക്കെട്ട് കൂടുതലായതിനാൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കൂടാതെ പണിസാധനങ്ങളുടെ ലഭ്യതക്കുറവും കാലതാമസത്തിനു കാരണമാകുന്നു. എന്നാൽ, അവ പരിഹരിച്ച് സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ